വിട്ടാൽ നാട്ടിൽ വളരെയധികം അസ്വാസ്ഥ്യം ഉണ്ടാകുമെന്നുള്ളതിനെ പരിഗണിച്ച് ആ ആശുപത്രിക്കുവേണ്ട കൂടുതൽ സ്റ്റാഫിനെ കൊടുക്കാൻ ശ്രമിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ആരേയും അഴിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ല. ഇതുവരെ അഴിച്ചുവിട്ടിട്ടുമില്ല. അവരുടെ ആവശ്യത്തിനുള്ളതായ സ്റ്റാഫ് ഉണ്ടെന്നാണ് തോന്നുന്നത്. പക്ഷേ, മൊത്തമായിട്ട് ചില സ്റ്റാഫിനെ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. പ്രത്യേകിച്ചും നേഴ്സസിനെ സംബന്ധിച്ച്. ഏതായാലും മെൻറൽ ഹോസ്പിറ്റലുകളിലെല്ലാംതന്നെ ആവശ്യമായ ഇംപ്രൂവ്മെൻറ് വരുത്താനുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണ്.

കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനു ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി.

✻ 869. [11] ശ്രീ. തോമസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനു ഗവണ്മെൻറ് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ നടപടി എത്രത്തോളമായി :

(ബി) കുട്ടനാട്ടിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള സത്വര നടപടി ദയവായി ഗവണ്മെൻറ് കൈക്കൊള്ളുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കുട്ടനാട്ടിലെ ശുദ്ധജലവിതരണത്തിനു വിപുലവും സമഗ്രവുമായ ഒരു പദ്ധതി ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(ബി) കുട്ടനാട് ജലവിതരണപദ്ധതിക്ക് വന്നേക്കാവുന്ന കാലതാമസം പരിഗണിച്ച് കുട്ടനാട്ടിലെ പല പഞ്ചായത്തുകളിലും ഇപ്പോഴുള്ള കുഴൽക്കിണറുകളിൽനിന്നും ജലവിതരണം നടത്തുന്നതിനുള്ള ഗ്രാമീണ ജലവിതരണ പദ്ധതികളും ആരംഭിച്ചുകഴിഞ്ഞു. ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്ന പദ്ധതിക്ക് വേണ്ടത്ര ധനസഹായവും അംഗീകാരവും ഇൻഡ്യാ ഗവണ്മെൻറിൽനിന്നു ലഭിച്ചാലുടനെ മേൽനടപടികളും കൈക്കൊള്ളുന്നതാണ്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : കുട്ടനാട്ടിലെ പദ്ധതി ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണെന്നു പറഞ്ഞു. വെള്ളം എവിടെനിന്നാണ് കിട്ടുവാൻ പോകുന്നത്. പുളിക്കീഴിൽ നിന്നാണോ, മറ്റു വല്ല പ്രദേശത്തുനിന്നുമാണോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : കൃത്യമായിട്ട് അതിൻെറ ഡീറ്റെയിൽസ് പറയാൻ നിവൃത്തിയില്ല.

ബസ്സുറൂട്ടുകളുടെ ദേശവൽക്കരണം.

✻ 870. [12] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ഗതാഗതയോഗ്യമാക്കുന്ന റോഡുകളിൽക്കൂടെയുള്ള ബസ്സുറൂട്ട് ദേശവൽക്കരിക്കുന്നതിനു ഇന്നു വല്ല നിയമതടസ്സവുമുണ്ടോ ;

(ബി) ഇല്ലെങ്കിൽ അത്തരം റൂട്ടുകളിൽ സ്വകാര്യഉടമകൾക്ക് ബസ്സ് സർവ്വീസ് നടത്തുവാൻ അനുവാദം കൊടുക്കാതിരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) നിയമതടസ്സമില്ലെങ്കിൽ ചില നടപടികളും സ്വീകരിക്കുവാനുണ്ട്.

(ബി) സ്വകാര്യ ഉടമകൾക്ക് ബസ്സ് സർവ്വീസ് നടത്തുവാനുള്ള അനുവാദം നൽകുന്നത് ട്രാൻസ്പോർട്ട് അതോറിട്ടികളാണ്. ഗവണ്മെൻറല്ല.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : ഇത്തരം റൂട്ടുകളിൽ പ്രൈവറ്റ് ബസ് ഓടിക്കുന്നതിനെക്കാൾ ലാഭകരം ഗവണ്മെൻറ് സർവ്വീസ് നടത്തുന്നതായതുകൊണ്ട് ലാഭകരമായ റൂട്ടുകളിൽ ഗവണ്മെൻറ് ബസ് ഓടിക്കുന്നതിനു ശ്രമിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെയല്ല. റൂട്ടുകളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട റൂട്ടുകളിലെല്ലാം ഗവണ്മെൻറ് ബസ് ഓടുന്നുണ്ട്. എല്ലാ വില്ലേജ് റോഡുകളിലും ഇപ്പോൾ ട്രാൻസ്പോർട്ട് ബസ് ഓടിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഹമീദാലി ഷംനാട് : കാസർകോട്ടുനിന്നും മൈസൂറിലേക്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ് ഓടിക്കാൻ ഗവണ്മെൻറ് ആലോചിക്കുന്നു എന്നു കേട്ടു. അതു ശരിയാണോ ; ആണെങ്കിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ : ഉണ്ട്. വേഗത്തിൽ നടപ്പിൽ വരുത്താൻ നടപടി എടുക്കുന്നുണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ട്രാൻസ്പോർട്ട് ബസുകളിൽ എം. എൽ. എ. മാർക്ക് ഫോട്ടോയോടുകൂടി ഒരു പാസു തന്നിട്ടുണ്ട്. ഈ അടുത്തകാലത്തു് ഇപ്രകാരം പാസു കാണിക്കുന്നതുകൂടാതെ ഒരു ടിക്കറ്റ് എഴുതിത്തന്നിട്ട് "ഫ്രീ ടിക്കറ്റ്" എന്നു് അതിൽ എഴുതിത്തരുക. ഇങ്ങനെ ചെയ്യാനുണ്ടായ കാരണമെന്താണു്?

ശ്രീ. കെ. ടി. അച്യുതൻ : അതു് ഒരു കണക്കുണ്ടാക്കാൻ വേണ്ടിയീട്ടാണു്. ഇത്ര ടിക്കറ്റ് ഇന്നദിവസം ഇന്ന റൂട്ടിലേക്ക് ഫ്രീയായി കൊടുത്തു എന്നറിയാൻ വേണ്ടിമാത്രമാണു്. അതു് ഒരു കുറവായിട്ട് വിചാരിക്കുന്നെങ്കിൽ അതു പിൻവലിക്കാൻ തയ്യാറാണു്. ഏകദേശമുള്ള വിവരം കിട്ടാൻ വേണ്ടിയാണു് അങ്ങനെ ചെയ്തതു്. അല്ലാതെ ആരെയും അപമാനിക്കാൻ വേണ്ടി ചെയ്തതല്ല. ഇതിനെപ്പറ്റി ആക്ഷേപമുണ്ടെങ്കിൽ ഉടനെ പിൻവലിക്കാൻ തയ്യാറാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : കമ്മ്യൂണിസ്റ്റ് ഭരണകാലം മുതൽക്കു് ദേശവൽക്കരണത്തിൻറെ ചുറുപാടുണ്ടാക്കിയിരിക്കുന്ന കോട്ടയം കുമളി ദേശവൽക്കരണം എന്നെങ്കിലും ഈ രാജ്യത്തു് നടപ്പാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : അതേപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ദേശവൽക്കരിക്കപ്പെട്ട പ്രധാന റൂട്ടുകളിൽ നിന്നു തിരിഞ്ഞുപോകുന്ന റൂട്ടുകളിലേക്കു് പ്രൈവറ്റ് ബസ് സർവ്വീസ് ഓടിക്കുക എന്നുള്ളതു് ബുദ്ധിമുട്ടാണെന്നുള്ളതുകൊണ്ട് അങ്ങനെയുള്ള റൂട്ടുകളിൽ പ്രത്യേകിച്ചു് ഡിസ്ട്രിക്റ്റ് ഹെഡ്ക്വാർട്ടേഴ്സുകളിലെങ്കിലും ട്രാൻസ്പോർട്ട് സർവ്വീസ് ഓടിക്കുന്നതിനു് ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ ; ഈ കാര്യത്തെപ്പറ്റിയുള്ള വ്യക്തമായ നയമൊന്നുമെടുത്തിട്ടില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ശ്രീ. എൻ. എസ്. കൃഷ്ണപിള്ള പറഞ്ഞതനുസരിച്ച് എം. എൽ. എ. മാർക്ക് ടിക്കറ്റ് കൊടുക്കുന്ന കാര്യത്തെപ്പറ്റി അതു പിൻവലിച്ച് ഓർഡർ ഉണ്ടായോ, ഇല്ലെങ്കിൽ ഉടനെ ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. അച്യുതൻ : ഉടനെ ചെയ്യുന്നതാണ്.

ശ്രീ. ആർ. സുഗതൻ : തിരുവനന്തപുരം കണ്ണൂക്ക് ഓടുന്ന ഡീലക്സ് ബസ്സിനു 19 രൂപ 70 നയാപൈസയായിരുന്ന ചാർജ്ജ്. ഈ വർദ്ധിച്ച കണക്കനുസരിച്ച് 24 രൂപയാണ്. ഇതു പഴയ നിരക്കിലാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇപ്പോഴം നിവത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കോട്ടയത്തു പല ബസ്സുകളും നിറുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ നിറുത്തിയ റൂട്ടുകളിലെല്ലാംതന്നെ വേറെ ബസ്സുകൾ ഓടിക്കാൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : എല്ലാ ബസ്സുകളും ഇല്ല. ചില റൂട്ടുകളെ സംബന്ധിച്ചിടത്തോളം നികുതിബാക്കി വന്നപ്പോൾ ആ ബസ്സുകൾ നിറുത്തിയിട്ടുണ്ട്. ടാക്സ് അടച്ചവ വീണ്ടും ഓടിത്തുടങ്ങിയിട്ടുണ്ട്.

ഡീലക്സ് സർവ്വീസ്.

* 87. [13] ശ്രീമതി കുസുമം ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുനിന്നും കണ്ണൂക്ക് കോട്ടയം മൂവാറ്റുപുഴ കാലടി വഴി ഒരു ഡീലക്സ് സർവ്വീസ് തുടങ്ങുമോ ;

(ബി) തലസ്ഥാനത്തുനിന്നും തൃശ്ശൂർ, കണ്ണൂർ മുതലായ കേന്ദ്രങ്ങളിലേക്ക് കോട്ടയം മൂവാറ്റുപുഴ, പെരുമ്പാവൂർവഴി ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ തുടങ്ങുന്നതിന് ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) തൽക്കാലം സാദ്ധ്യമല്ല.

(ബി) നേരിട്ട് (through) സർവ്വീസ് ഇല്ലെന്നേയുള്ള.

ശ്രീ. കെ. ഹസ്സൻഗനി : മൂവാറ്റുപുഴ—മുനമ്പം ഡീലക്സ് ബസ് തുടങ്ങുന്നതിനു വല്ല നടപടികളും എടുക്കുന്നുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : കോട്ടയം വഴി ഓടിക്കാൻ സാധിച്ചിട്ടില്ല. അതു കഴിഞ്ഞു മറ്റു സ്ഥലത്തെപ്പറ്റി നോക്കാം.

അണ്ടത്തോട് ഫർക്കയിലുള്ള പണിയർ വിഭാഗം

* 872. [14] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി താലൂക്കിലെ അണ്ടത്തോട് ഫർക്കയിലുള്ള 'പണിയർ' വിഭാഗം ഹരിജനങ്ങളാണോ ;

(ബി) ആണെങ്കിൽ ഈ ജാതിക്കാരുടെ കുട്ടികൾക്ക് സ്കൂൾപഠിപ്പിനുള്ള ചെലവ് ഗ്രാന്റ് ഇക്കൊല്ലം അനുവദിക്കാത്തതെന്തുകൊണ്ട് ;

(സി) ഈ ജാതിക്കാർ ഹരിജനങ്ങളിൽ ഉൾപ്പെടുകയില്ലെങ്കിൽ 1961 വരെ ഇവരുടെ കുട്ടികൾക്ക് സ്കൂൾപഠിപ്പിനുള്ള lump-sum ഗ്രാന്റ് കൊടുക്കാനുണ്ടായ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly